Draft #1 of File 15564/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV ACADEMIC on 06-May-2019 02:41 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതിയുടെ 03.05.2019 തീയതിയിൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 1901/AC B 6/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.05.2019

---

പരാമർശം:-കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതിയുടെ 03.05.2019 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്

**ഉത്തരവ്**

കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതിയുടെ 03.05.2019 ൽ കൂടിയ യോഗം 2019 - 20 വർഷത്തെ ഏകജാലക പ്രവേശനത്തിനായി കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയും താഴെപറയുന്നവ തീരുമാനിക്കുകയും ചെയ്തു.

1. അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനത്തിനായുള്ള ഷെഡ്യൂൾ അംഗീകരിക്കുന്നതിനു ശുപാർശ ചെയ്തു.
2. ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന്റെ ഷെഡ്യൂൾ കേരള ഹയർ സെക്കൻഡറി എക്സാമിനേഷൻ ബോർഡിന്റെ പ്ലസ് ടു പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനു ശേഷം അംഗീകരിക്കുന്നതിനു വൈസ് ചാൻസിലറെ ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്തു.
3. ഏകജാലക സംവിധാനത്തിനായി പുതുക്കിയ സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നതിനുള്ള പരിശീലന ക്ലാസ് മെയ് മാസം 8 ആം തീയതി സർവ്വകലാശാല അസംബ്ലി ഹാളിൽ വെച്ച് നടത്തുന്നതിനു അനുമതി നൽകുന്നതിനു ശുപാർശ ചെയ്തു.
4. ഏകജാലക സംവിധാനവുമായി ബന്ധപ്പെട്ട എസി.ബി 6 സെക്ഷനിൽ 2 അസ്സിസ്റ്റന്റുമാരെ കൂടി നിയമിക്കുന്നതിനു ശുപാർശ ചെയ്തു.
5. പ്രോസ്പെക്ടസിന്റെ 100 കോപ്പികൾ വീതം അച്ചടിക്കുന്നതിനും ഇതിനാവശ്യമായ തുക മുൻപ് അനുവദിച്ച പ്രൊവിഷണൽ അഡ്വാൻസിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകുന്നതിനു ശുപാർശ ചെയ്തു.
6. ഏകജാലകത്തിൽ കൂടി അപേക്ഷിക്കുമ്പോൾ പേമെന്റ് ഫെയിലിയർ ഉണ്ടാവുകയാണെങ്കിൽ റീഫണ്ട് ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ധാരാളമായി ലഭിക്കുന്ന സാഹചര്യത്തിൽ, റീഫണ്ട് ക്യാപ് സാങ്കേതിക വിഭാഗത്തിൽ നിന്നും തന്നെ നൽകുന്നതിനു അനുമതി നൽകുന്നതിനു

ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലർ(i/c) അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ബൈജു .എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലറുടെ പി എസ്
2.രജിസ്ട്രാർ ,ഫിനാൻസ് ഓഫിസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3.ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
4.ഡെപ്യൂട്ടി രജിസ്ട്രാർ III (അക്കാദമിക് )
5.അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
6.സീറ്റെക്സ്, ഐ ക്യൂ എ സി , കണ്ടെന്റ് മാനേജ്മെന്റ് സെൽ ,സിസ്റ്റം മാനേജർ
7.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

Draft #1 of File 15564/AC B6/1/2019/AC B 6 Approved by ASSISTANT REGISTRAR IV ACADEMIC on 06-May-2019 02:41 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം